LIBRARY ARCHIVES Kerala Legislative Assembly

കയർവ്യവസായ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ നികുതി

244 (1301) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി യാതൊരു തത്വദീക്ഷയുമില്ലാതെ വർദ്ധിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ ഫാക്ടറികളുടേയും കയർ സ്ഥാപനങ്ങളുടെയും വർദ്ധിപ്പിച്ച നികുതി ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാമോ;

(സി) ഇല്ലെങ്കിൽ കയർ വ്യവസായ സ്ഥാപനങ്ങളെ ഇപ്രകാരമുള്ള അധിക സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കയർ വ്യവസായ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി യാതൊരു തത്വദീക്ഷയുമില്ലാതെ വർദ്ധിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൊണ്ട് ശേഖരണ കൺസോർഷ്യങ്ങൾ

245 (1302) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര തൊണ്ടുശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്;

(ബി) അവയ്ക്ക് എത്ര രൂക പ്രവർത്തന മൂലധനമായി നൽകി;

(സി) ഓരോ കൺസോർഷ്യവും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തൊണ്ട് വീതം ശേഖരിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 36 തൊണ്ടുശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) 36 കൺസോർഷ്യങ്ങൾക്ക് പ്രവർത്തന മൂലധനമായി ആദ്യഘട്ടം 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ കൺസോർഷ്യവും ശേഖരിച്ച തൊണ്ടിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.